"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് – ജീവനക്കാര്യം –കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ശ്രീ.മുരുകൻ.വി - യ്ക്ക് അനുവദിച്ച പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ചുകൊണ്ട് -ഉത്തരവാകുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1965/2026/GAD തീയതി,തിരുവനന്തപുരം, 27-04-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം.5643/2023/പൊ.ഭ.വ തീയതി: 21.12.2023.
2. സ.ഉ.(സാധാ) നം.5700/2023/പൊഭവ തീയതി: 26.12.2023.
3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 04.03.2025, 05.05.2025 തീയതികളിലെ AC1-1/106/2023-കെ.പി.എസ്.സി. നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിലെ കമ്പ്യൂട്ടർ അസിസ്റ്റന്റായ ശ്രീ. മുരുകൻ.വി - യ്ക്ക് തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ Coronary Angiogram and Double valve Replacement (Mitral & Aortic Heart Valves) ചികിത്സയ്ക്കായി, പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം 3,00,000/- രൂപ പലിശരഹിത ചികിത്സാ വായ്പ അനുവദിച്ചിരുന്നു. ചികിത്സയ്ക്ക് ചെലവായ തുകയിൽ മെഡിക്കൽ റീഇമ്പേഴ്സ്മെന്റിന് അനുവദനീയമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന 2,52,145/- രൂപ (രണ്ട് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി ഒരുനൂറ്റി നാൽപത്തി അഞ്ച് രൂപ മാത്രം) കിഴിച്ച് ബാക്കി തുകയായ 47,855/- രൂപ (നാൽപത്തി ഏഴായിരത്തി എണ്ണൂറ്റി അമ്പത്തി അഞ്ച് രൂപ മാത്രം) പലിശ സഹിതം ട്രഷറിയിൽ തിരിച്ചടച്ചിട്ടുള്ളതിനാൽ, പലിശരഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിനു പരാമർശം 3 പ്രകാരം പി.എസ്.സി സെക്രട്ടറി ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിലെ കമ്പ്യൂട്ടർ അസിസ്റ്റന്റായ ശ്രീ. മുരുകൻ.വി - യ്ക്ക് തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ ചികിത്സയ്ക്കായി 06.12.2023-01.06.2024 കാലയളവിൽ ആകെ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ

അനുവദനീയത അറിയിച്ച 2,52,145/- രൂപ (രണ്ട് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി ഒരുനൂറ്റി നാൽപത്തി അഞ്ച് രൂപ മാത്രം), വായ്പയിൽ ബാക്കി 47,855/- രൂപ (3,00,000-2,52,145) പലിശ സഹിതം അപേക്ഷകൻ തിരികെ ഒടുക്കിയിട്ടുള്ള സാഹചര്യത്തിൽ , പരാമർശം (1), (2) പ്രകാരം അനുവദിച്ചിരുന്ന 3,00,000/- രൂപയുടെ പലിശരഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകൾ സഹിതം).
ശ്രീ. മുരുകൻ വി, ഗവൺമെന്റ് ക്വാർട്ടേഴ്സ് നം. സി-64, ഒബ്സർവേറ്ററി കോമ്പൗണ്ട്, മ്യൂസിയം പി.ഒ., പിൻ–695001.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് & ന്യൂമീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 27-04-2026 13:40:47